കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1639/2017 തീയതി: 16.08.2017

ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മലയിൻകീഴ് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1639/2017 തീയതി: 16.08.2017

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ, (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.07.2017മുതൽ 19.07.2017വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : | ശ്രീമതി .ലതകുമാരി,(ഓഡിറ്റ് ഓഫീസർ)<br>ശ്രീമതി.ജയലക്ഷ്മി ബി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.സീന.കെ<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.എസ്.ചന്ദ്രൻ നായർ, 01.04.2016 മുതൽ 31.03.2017 വരെ

സെക്രട്ടറി : ശ്രീ.എസ്.ജയകുമാർ, 01.04.2016 മുതൽ 15.07.2016 വരെ

ശ്രീ.എസ്.അജിത്, 16.07.2016 മുതൽ 31.03.2017 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ദിശാമണിയൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.എൽ.രമ | 01.04.2016 മുതൽ 17.09.2016 വരെ |
| | ഡോ.ലേഖ തോബിയാസ് | 18.09.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രജനി.ആർ.വി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രസ്മി.ആർ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ഇന്ദു ജി.നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ചിത്ര.വി.ജി | 01.04.2016മുതൽ 31.03.2017വരെ |
| എച്ച്.എം., എൽ.പി.എസ്. മച്ചേൽ | ശ്രീമതി.ഹെബ്സിബ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി സുധാലക്ഷ്മി | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ I | ശ്രീമതി. അനശ്രീ.വി | 01.04.2016മുതൽ |

| | | |
|---|---|---|
| | | 02.06.2016വരെ |
| | ശ്രീമതി എസ്.ബിന്ദു | 03.06.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ II | ശ്രീ.രാജേഷ്.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സുനി.ബി.റ്റി | 01.04.2016 മുതൽ 03.01.2017 വരെ |
| | ശ്രീ.രാജേഷ്.ജെ | 04.01.2017 മുതൽ 31.03.2017 വരെ |
| ഡി.എഫ്.ഐ | ശ്രീ.സിംന.റ്റി | 01.04.2016 മുതൽ 23.06.2016 വരെ |
| | ശ്രീ.കൃഷ്ണകുമാർ.റ്റി.ജെ | 23.06.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ | 2-1 | |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത -പഞ്ചായത്തു ഫണ്ടിനു | 2-2 | |

| | | | |
|---|---|---|---|
| | 10061/-രൂപയുടെ നഷ്ടം | | |
| 14 | മൊബൈൽ ടവറുകൾ വസ്തു നികുതി ഒടുക്കുന്നില്ല-143645/- രൂപ ഗ്രാമപഞ്ചായത്തിനു വരുമാനനഷ്ടം | 2-3 | |
| 15 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിലും രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു | 2-4 | |
| 16 | സ്ഥാപനതൊഴിൽ നികുതി കാര്യക്ഷമമായി ഈടാക്കുന്നില്ല | 2-5 | |
| 17 | തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ | 2-6 | |
| 18 | പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-7 | |
| 19 | ഡി&ഒ ലൈസൻസ് നൽകുന്നതിലെ അപകത | 2-8 | |
| 20 | ഷോപ്പിംഗ് കോപ്ലക്സ്- വാടകകുടിശ്ശിക ഈടാക്കണം | 2-9 | |
| | ഭാഗം - 3 | | |
| 21 | എൽ.പി.സ്കൂൾ കുട്ടികൾക്ക് കരാട്ടെ പരിശീലനം- യൂണിഫോം വിതരണം ചെയ്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-1 | |

| | | | |
|---|---|---|---|
| 22 | പത്താംതരം തുല്യതാപരീക്ഷ-പ്രോജക്ട് നടത്തിപ്പിൽ അപാകം | 3-2 | |
| 23 | സോളാർ പാനൽ പ്രവർനക്ഷമമല്ല-തുടർനടപടി ത്വരിതപ്പെടുത്തേണ്ടതാണ് | 3-3 | |
| 24 | നിർവ്വഹിച്ച പ്രവൃത്തിയുടെ അളവിൽ കുറവ്- 64085.93/- രൂപ നിരാകരിക്കുന്നു | 3-4 | |
| 25 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി-16471/- രൂപ നിരാകരിക്കുന്നു | 3-5 | |
| 26 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-6 | |
| 27 | വി.ഇ.ഒ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-7 | |
| 28 | അംഗീകാരം ലഭിച്ചതിനനുസൃതമായി പ്രോജക്ട് നടപ്പാക്കിയിട്ടില്ല | 3-8 | |
| 29 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ. | 3-9 | |
| 30 | സർക്കാർ ഉത്തരവിന് വിധേയമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്. | 3-10 | |
| 31 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ | 3-11 | |

| | | | |
|---|---|---|---|
| | തൊഴിലുറപ്പ് പദ്ധതി അവലോകനം | | |
| | ഭാഗം - 4 | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.06.2016 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം വോട്ട് ഓൺ അക്കൗണ്ട് ആയി പാസ്സാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് | യഥാർത്ഥ | വ്യത്യാസം |
|---|---|---|---|

| | പ്രകാരം പ്രതീക്ഷിച്ചിരുന്നത് | ത്തിലുള്ളത് | | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 17,88,17,955.15/- | 8,88,77,195/- | | 8,99,40,760.15/- |
| ചെലവ് | 16,99,71,800/- | 7,64,12,296/- | | 9,35,59,504/- |
| നീക്കിയിരിപ്പ് | 88,46,155.15/- | 1,24,64,899/- | 36,18,743.85/- | |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ അന്തരം നിലനിൽക്കുന്നു. ഭാവിയിൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 19.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 9111818

വരവ് : 79765377

ആകെ : 88877195

ചെലവ് : 76412296

നീക്കിയിരിപ്പ് : 12464899

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16126758 | 16126758 | 16126758 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4208461 | 4208461 | 4208461 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8500373 | 8500373 | 8500373 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3929430 | 3929430 | 3929430 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8347688 | 8347688 | 8347688 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3703506 | 3703506 | 3703506 | 0 |
| ട്രഷറി റ്റി.എസ്.ബി അക്കൗണ്ട് | 4822812 | 11347236 | 16170048 | 14464650 | |
| എ.എൻ.ആർ.ജി.എസ്. | 5620 | 1530607 | 1536227 | 1334118 | 202109 |
| ബി.ഫണ്ട് | 0 | 1407480 | 1407480 | 1407480 | 0 |
| മറ്റുള്ളവ / തനത്ഫണ്ട് | 4283386 | 20663838 | 24947224 | 14389832 | 12262790 |
| ആകെ | 9111818 | 79765377 | 88877195 | 76412296 | 12464899 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 81248079 | 135 | 54642329 | 46 | 44 | 60% |

# 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | - | - | - | - |
| തൊഴിൽ നികുതി | 1877340 | 2184890 | 307550 | |
| കെട്ടിട നികുതി | 2632300 | 4563804 | 1931504 | |
| പരസ്യ | 14935 | 22160 | 7225 | |

| | | | | |
|---|---|---|---|---|
| നികുതി | | | | |
| നികുതിയേതര വരവുകൾ | | | | |
| ഷോപ്പിംഗ് കോംപ്ളക്സ് | 43926 | 99942 | 56016 | |
| ലേലം | 0 | 112200 | 112200 | |
| ഡി.ആന്റ്.ഓ. ലൈസൻസ് | 159350 | 172650 | 13300 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1017480 | 573 |
| കർഷക തൊഴിലാളി പെൻഷൻ | 5806870 | 659 |
| വിധവാപെൻഷൻ | 15797425 | 1533 |
| വാർദ്ധക്യകാല പെൻഷൻ | 21195965 | 2156 |
| വികലാംഗ പെൻഷൻ | 4494455 | 432 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 390000 | 13 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 454490 | 42 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2017 രാവിലെ 11.30 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,251/- രൂപ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് ഫീസുൽപ്പെടെയുള്ള വരുമാനസ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്. വസ്തുനികുതി കുടിശ്ശികപിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് യഥാസമയം മറുപടി നൽകിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല, നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന രേഖകൾ ഹാജരാക്കുവാൻ ഗുണഭോക്താക്കളോട് ആവശ്യപ്പെടേണ്ടതാണ്.

<u>നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച്ച -- 2773000/-രൂപ അടങ്കലുള്ള 6 പദ്ധതികൾ നടപ്പിലാക്കിയില്ല.</u>

വാർഷിക പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്നതിനു ഉദ്ദേശിച്ച് ആവിഷ്ക്കരിച്ച 2773000/-രൂപ അടങ്കലുണ്ടായിരുന്ന 6 പദ്ധതികൾ നടപ്പിലാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് നം/പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | എസ്. സി യുവാക്കൾക്ക് ഇരുചക്രവാഹനം | 180000/- | എസ്.സി.പി |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | എസ്. സി യുവാക്കൾക്ക് ഓട്ടോറിക്ഷ-സബ്സിഡി നൽകൽ | 500000/- | എസ്.സി.പി |
| 3 | അസിസ്റ്റന്റ് സെക്രട്ടറി | എസ്.സി വിദ്യാർത്ഥികൾക്ക് | 500000/- | എസ്.സി.പി |

| | | | | |
|---|---|---|---|---|
| | | ലാപ്ടോപ്പ് | | |
| 4 | അസിസ്റ്റന്റ് സെക്രട്ടറി | പകൽ വീടൊരുക്കൽ | 400000/- | |
| 5 | അസിസ്റ്റന്റ് സെക്രട്ടറി | ഭവന പുനരുദ്ധാരണം (എസ്.റ്റി) | 44823/-<br>5177/- | റ്റി.എസ്.പി<br>തനതു ഫണ്ട് |
| 6 | വി.ഇ.ഒ | ബയോഗ്യാസ് പ്ലാന്റ് | 693000/- | CFC grant<br>തനതു ഫണ്ട്<br>ബ്ലോക്ക് പഞ്ചായത്തു<br>മറ്റുള്ളവ |
| ആകെ | | | 2773000/- | |

വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയും മതിയായ ഫണ്ട് വരുത്തുകയും ചെയ്ത ശേഷം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നത് നിർവഹണോദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ചയാണ്. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച്ച അധികൃതരുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു. പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിശദാംശം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.04.2017 | 31.03.2017 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.07.2017 മുതൽ<br>23.03.2017 | 2011-12 മുതൽ 2015-16 വരെ | |

| | | | |
|---|---|---|---|
| | വരെ | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

2016-17 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല
2. I-18 ഷെഡ്യൂളിൽ Prior period Income Recovery of unutilized Grants ഇനത്തിലെ തുക (75000/-) തിരിച്ചടച്ചതായി കാണുന്നില്ല
3. വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), കെ.എൽ.ജി.എസ്.ഡി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നീ അക്കൗണ്ടുകൾ റെക്കൺസിലേഷൻ ചെയ്തിട്ടില്ല.
4. തൻവർഷം നിരവധി റോഡ് കോൺക്രീറ്റ്, ടാറിംഗ് പ്രവർത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല
5. ബി.4-ഷെഡ്യൂൾ പരിശോധിച്ചതിൽ Total Sanitation campaign (320100115), ICDS (320100121), Suchithwamission(320200322), Keralolsavam (320200323), Vimukthi(320200399), ODF(320300103) ,BudsSchool (320300199) എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് തനത് ഫണ്ടിനോടൊപ്പമാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് കാണുന്നു. പ്രസ്തുത തുകകൾ അതതു പദ്ധതിചെലവുകൾക്ക് ഉപയോഗിക്കുകയോ, അതാത് ഹെഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.
6. Inocome & Expenditure Statement പ്രകാരം വരവിനേക്കാൾ ( 147967281/-) കൂടുതൽ. ചെലവ്
(152469876/-) രൂപ വന്നിരിക്കുന്നു.
7. 2015-16-ലെ Trial Balance -ൽ" Excess of Income over expenditure" നീക്കിയിരിപ്പ് (10270023.25) തുകയും 2016-17-ലെ Trial Balance -ലെ " Excess of Income over expenditure" മുന്നിരിപ്പും (14647432.25) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
8. സ്റ്റോക്ക് & സ്റ്റോഴ്സ് മൂല്യാധിഷ്ഠിതമായി കണക്കാക്കി വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകത -പഞ്ചായത്തു

**ഫണ്ടിനു 10061/-രൂപയുടെ നഷ്ടം .**

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചിൽ നിന്നും 200 ച.മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി നിരക്ക് 80/- രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയം ച.മീറ്ററിനു 60/-രൂപ നിരക്കിലാണ് നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വാർഡ് നം/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | വിസ്തീർണം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 1/826/C | ശ്രീമതി.ദിവ്യ.എൽ സഞ്ജീവനി ബിൽഡിങ്ങ്സ് തച്ചോട്ടുക്കാവ് | 294.2ച.മി | 22359/- | 16682/- | 5677/- |
| 2 | 20/537/B | ശ്രീമതി.ശ്രീകല നിയോൺ മോട്ടേഴ്സ് | 232 ച.മി | 17539/- | 13155/- | 4384/- |
| ആകെ | | | | | | 10061/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 നുള്ള മറുപടി ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുക വ്യക്തികളിൽ നിന്നു ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകൾ വസ്തു നികുതി ഒടുക്കുന്നില്ല-143645/- രൂപ ഗ്രാമപഞ്ചായത്തിനു വരുമാനനഷ്ടം.

14.01.2011 ലെ ജി.ഒ (ആർ.റ്റി) നം.19/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ചതുരശ്ര മീറ്ററിനു 500/- രൂപയാണ്.ഗ്രാമപഞ്ചായത്തു ലഭ്യമാക്കിയ രേഖകൾ പ്രകാരം 3 ടവറുകളാണ് ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നത്.എന്നാൽ 2013-14 സാമ്പത്തിക വർഷം മുതൽ മൊബൈൽ ടവറുകൾ വസ്തു നികുതി ഒടുക്കുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം/കെട്ടിട നം. | ടവറിന്റെ വിവരം | പരിഷ്ക്കരിച്ച വസ്തുനികുതി |
|---|---|---|---|
| 1 | 2/419(B) | Essar Telecom | 72765/-രൂപ |

| | | | |
|---|---|---|---|
| | | Infrastructure | |
| 2 | 2/479(A) | Dishnet Wireless | 35440/- രൂപ |
| 3 | 15/285(A) | Vodafone Essar Cellular Ltd | 35440/-രൂപ |
| ആകെ | | | 143645/-രൂപ |

പരിഷ്ക്കരിച്ച വസ്തുനികുതി ചട്ടങ്ങൾ പുറപ്പെടുവിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ കഴിയാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.ആയതിനുള്ള നടപടികൾ ഉടനടി സ്വീകരിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിലും രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്ററും സഞ്ചയയിലെ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത്തരം കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തി പുതുക്കിയ നികുതി നിർണ്ണയം നടത്തി പഞ്ചായത്ത് ഫണ്ടിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-5 സ്ഥാപനതൊഴിൽ നികുതി കാര്യക്ഷമമായി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധവർഷവും സ്ഥാപനനികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2016-17 സാമ്പത്തിക വർഷം സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ശാസ്ത പെയിന്റ് & കെമിക്കൽസ് | 2 |

| | | |
|---|---|---|
| 2 | മുത്തൂറ്റ് ഫിൻ ലിമിറ്റഡ് | 1 |
| 3 | ഡെന്റൽ ഹോം ഡെന്റൽ കെയർ | 2 |
| 4 | എം.പി.ഗ്യാസ് ഏജൻസി | 1, 2 |
| 5 | ഫോക്കൽ ഇമേജ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 6 | കൊറോള ഹോസ്പിറ്റൽ | 1 |
| 7 | കെ.എസ്.ഇ.ബി | 1 |
| 8 | സപ്ലൈകോ പീപ്പിൾസ് ബസാർ, മലയിൻകീഴ് | 1 |
| 9 | ആയുഷ് ആയുർവ്വേദ ഹോസ്പിറ്റൽ | 1, 2 |
| 10 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 1 |

സ്ഥാപനനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-6 തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ

(i) ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2016-17-ൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷത്തേയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| ഐ.കെ.എം. സ്റ്റാഫ് | 1 |
| എം.പി.ഗ്യാസ് ഏജൻസി | 1 |
| ഡെന്റൽ ഹോം ഡെന്റൽ കെയർ | 2 |

(ii) വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ/ തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ ഡി&ഒ ലൈസൻസിനായും, പാരാമെഡിക്കൽ രജിസ്ട്രേഷനായും സ്ഥാപനങ്ങൾ നൽകിയ അപേക്ഷ പരിശോധിച്ചതിൽ ഒന്നിലധികം ജീവനക്കാരുള്ള നിരവധി സ്ഥാപനങ്ങളുണ്ടെന്ന് കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം | ആകെ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | മിത്ര ഹോസ്പിറ്റൽ | 17 |

| | | |
|---|---|---|
| 2 | ഗൈഡൻസ് അക്കാഡമി | 11 |
| 3 | കോൺഫിഡന്റ് കോച്ചിംഗ് സെന്റർ & കമ്പ്യൂട്ടേർസ് | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും, പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. ചട്ടം 5 പ്രകാരം അടുത്ത സാമ്പത്തികവർഷം ആരംഭിക്കുന്നതിന് മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ രജിസ്ട്രേഷൻ നടക്കുന്നതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | രാജൻസ് നഴ്സിംഗ് ഹോം |
| 2 | ആയുഷ് ആയുർവേദ ഹോസ്പിറ്റൽ |
| 3 | പാർവ്വതി ഹോസ്പിറ്റൽ |

| | |
|---|---|
| 4 | ഡെന്റൽ ഹോം ഡെന്റൽ കെയർ |

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ഡി&ഒ ലൈസൻസ് നൽകുന്നതിലെ അപാകത

1996-ലെ കേരള പഞ്ചായത്ത് രാജ് ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി സമർപ്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ തൻവർഷം ലൈസൻസിനായി അപേക്ഷിച്ച 434 സ്ഥാപനങ്ങളിൽ ഭൂരിഭാഗവും ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞാണ് ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത്. ട്രേഡേഴ്സ് രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി തുടർനടപടി സ്വീകരിക്കാനും പഞ്ചായത്തിന് സാധിക്കുന്നില്ല. 1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3പ്രകാരം പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ അനുമതിയില്ലാതെ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്നും, ചട്ടത്തിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മേൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് പുതുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-9 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക

ഷോപ്പിംഗ് കോംപ്ലക്സിന്റെ റൂം നം. 7 മലയിൻകീഴ് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് ബാങ്ക് ഊരൂട്ടമ്പലം എന്ന സ്ഥാപനത്തിനാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. പ്രതിമാസ വാടക 1020 രൂപയാണ്. എന്നാൽ 1.4.2014 മുതൽ വാടക കുടിശ്ശികയാണ്. ഈ വിധത്തിൽ ആകെ 22752 രൂപ കുടിശ്ശികയുണ്ട്. 22.10.16 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം V(1) പ്രകാരം കടമുറി ഏറ്റെടുക്കാൻ പഞ്ചായത്ത് തീരുമാനിച്ചു. ടി വിവരം അറിയിച്ചു കൊണ്ട് കുടിശ്ശികക്കാരന് അയച്ച കത്ത് കൈപ്പറ്റാതെ മടങ്ങി വന്ന സാഹചര്യത്തിൽ ടി മുറി പഞ്ചായത്ത് താഴിട്ടു പൂട്ടിയിട്ടുണ്ട്. കുടിശിക വന്ന വാടക ഈടാക്കുന്നതിനും, കട പുനർലേലം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എൽ.പി.സ്കൂൾ കുട്ടികൾക്ക് കരാട്ടേ പരിശീലനം-യൂണിഫോം വിതരണം ചെയ്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

അടങ്കൽ -158800

ചെലവ് തുക-93875

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നം25/17 ആയി എൽ.പി സ്കൂൾ കുട്ടികൾക്ക് കരാട്ടേ പരിശീലനം നടത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.സ.ഉ (എം.എസ്) നം.4/16/തസ്വഭവ തീയതി.11.1.16 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് എൽ.പിസ്കൂൾ കുട്ടികൾക്ക് പരിശീലന പരിപാടിക്ക് വ്യവസ്ഥയില്ല. 123 കുട്ടികളെ പരിശീലിപ്പിക്കുന്നതിന് പ്രതിഫലം നൽകാനും 98 കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യാനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3-9 (1) പ്രകാരം പൊതുവിഭാഗം വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യാൻ സബ്സിഡി നൽകാൻ പാടില്ല. എൽ.പി സ്കൂളുകളിൽ കായികാധ്യാപകൻ ഇല്ലാത്തതിനാലാണ് അങ്ങനെ ഒരു പദ്ധതി നടപ്പിലാക്കിയതെന്നും സ്കൂളുകളിലെ ആഘോഷ വേളകളിൽ കുട്ടികൾ പഠിച്ച കാര്യങ്ങൾ സ്റ്റേജിൽ അവതരിപ്പിക്കുമ്പോൾ വസ്ത്രവിധാനം ആവശ്യമുള്ളതിനാലാണ് യൂണിഫോം വിതരണം ചെയ്തതെന്നും ഓഡിറ്റ് എൻക്വിയറി നം. 6 ന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ടുകൾ രൂപകൽപന ചെയ്യുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-2 പത്താം തരം തുല്യത പരീക്ഷ - പ്രോജക്ട് നടത്തിപ്പിൽ അപാകം

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായ തുടർ വിദ്യാഭ്യാസം (പ്രൊജക്റ്റ് നം. 248) പദ്ധതിയിൽ 12000 രൂപ വികസന ഫണ്ട് അടങ്കൽ തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നു. പത്താം തരം തുല്യത പരീക്ഷ ഫീസിനത്തിൽ 8 പേർക്കായി 12000/- രൂപ (8 x 1500) ജില്ലാ സാക്ഷരത മിഷന് നൽകിയിരിക്കുന്നു. എന്നാൽ പഠിതാക്കൾ പരീക്ഷ പാസായത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സാക്ഷരതാ മിഷന്റെ കത്ത് പ്രകാരമാണ് തുല്യത പരീക്ഷയ്ക്ക് ഫീസ് അടച്ചതെന്നും റിസൾട്ട് വിവരങ്ങൾ ലഭ്യമല്ലെന്നും ഓഡിറ്റ് എൻക്വിയറി നം. 6 ന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു. റിസൾട്ട് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-3 സോളാർ പാനൽ പ്രവർത്തനക്ഷമമല്ല -തുടർനടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

പ്രോജക്ട് നം. - 50/17

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക -97000

ചെലവഴിച്ച തുക - 474587

ഫണ്ട് -ധനകാര്യ കമ്മീഷൻ അവാർഡ്- 460000

തനത് ഫണ്ട് - 510000

പഞ്ചായത്ത് ഓഫീസിന്റെ ടെറസിൽ സോളാർ പാനൽ സ്ഥാപിക്കാൻ ആദ്യ ഗഡുവായി 474587 രൂപ കെൽട്രോണിന് നൽകി പാനൽ സ്ഥാപിച്ചിട്ടുണ്ട്. ടി പാനൽ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനായി കെ എസ് ഇ ബി യിൽ രജിസ്ട്രേഷൻ ഫീസായി 10000/- രൂപ 5/7/17 ൽ ഒടുക്കിയിട്ടുണ്ട്. നിലവിൽ ടി പദ്ധതി പ്രവർത്തനക്ഷമമല്ല കെ എസ് ഇ ബി യിൽ നിന്ന് Solar Grid feasibility report ലഭ്യമായിട്ടുണ്ടെന്നും ആയത് കെൽട്രോണിന് കൈമാറിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വിയറി നം 14 ന് നൽകിയ മറുപടിയിൽ പറയുന്നു. കെൽട്രോണിന് നിന്ന് LT net മീറ്റർ സ്ഥാപിക്കുന്ന മുറയ്ക്ക് ടി സോളാർ പാനൽ പ്രവർത്തനക്ഷമമാകുമെന്ന ടി മറുപടിയിൽ പറയുന്നു. പദ്ധതി എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-4 നിർവ്വഹിച്ച പ്രവൃത്തിയുടെ അളവിൽ കുറവ് 64085.93/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം. -SO190/17

പ്രോജക്ടിന്റെ പേര് -മച്ചേൽ എൽ.പി.എസ് മെയിന്റനൻസ്

നിർവഹണ ഉദ്യോഗസ്ഥ - അസി.എഞ്ചിനീയർ

എം.ബുക്ക് നം. -355/16-17

അടങ്കൽ -450000

ചെലവ് തുക -391954

ബിൽ നം. -70/17

എം.ബുക്ക് നം-355/16-17 പേജ് 1 പ്രകാരം providing and laying rectified glazed ceramic floor tiles 300x300 mm or more of I st quality conforming to IS:15622 of approved make etc 235.52m$^2$ ചെയ്തിട്ടുണ്ട്(DSR-11.39)

1)Dining Hall ൽ 18.90 m നീളത്തിലും 8.00m വീതിയിലുമായി ആകെ 151.20m$^2$ ചെയ്തിട്ടുള്ളതായി ചെക്ക് മെഷർ ചെയ്ത് രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ Dining hall ന് 18.9m നീളവും 6m വീതിയുമാണുള്ളതെന്ന് കണ്ടു.അതായത് 18.9 x 6= 113.4m$^2$ മാത്രമേ ഫ്ളോറിങ്ങ് ചെയ്തിട്ടുള്ളൂ.

2)എം.ബുക്ക് പേജ് 1 പ്രകാരം സ്റ്റേജിൽ 8m നീളത്തിലും 5.7m വീതിയിലും ആകെ 45.6m$^2$ മേൽ പറഞ്ഞ രീതിയിൽ ടൈൽസ് വിരിച്ചിട്ടുള്ളതായി അളവ്

രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ പ്രാദേശിക പരിശോധനയിൽ പ്രസ്തുത സ്റ്റേജിന് 6m നീളവും 5.7 മീറ്റർ വീതിയുമാണുള്ളതെന്ന് കണ്ടു.അതായത് $6x5.7=34.2m^2$ മാത്രമാണ് സ്റ്റേജിൽ ടൈൽസ് പാകിയിട്ടുള്ളത്.

എം.ബുക്ക് പ്രകാരം Dining Hall ൽ ടൈൽസ് വിരിച്ചതിന് നൽകിയ തുക-151.20x1302.56=196947.07

യഥാർത്ഥത്തിൽ നൽകേണ്ട തുക
-113.40x1302.56=147710.304

അധികം നൽകിയ തുക -49236.76

എം.ബുക്ക് പ്രകാരം സ്റ്റേജിൽ ടൈൽസ് വിരിച്ചതിന് നൽകിയ

തുക
-45.6x1302.56=59396.73

നൽകേണ്ട തുക
-34.2x1302.56=44547.55

അധികം നൽകിയ തുക -14849.17

ആകെ അധികം നൽകിയ തുക -64085.93

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ 64085.93 രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക കോൺട്രാക്ടറിൽ നിന്നോ ചെക്ക് മെഷർ നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുക.

## 3-5 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി -16471 രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം. -SO190/17

പ്രോജക്ടിന്റെ പേര് -മച്ചേൽ എൽ.പി.എസ് മെയിന്റനൻസ്

നിർവ്വഹണ ഉദ്യോഗസ്ഥ- അസി.എഞ്ചിനീയർ

എം.ബുക്ക് നം -355/16-17

അടങ്കൽ -450000

ചെലവ് തുക -391954

ബിൽ നം -70/17

മേൽ പ്രവൃത്തിയുടെ ഐറ്റം നം.6 ആയി providing and fixing false ceiling with 7.5mm

thick PVC plain panel board ceiling of approved quality in aluminium frame work with necessary screws etc complete(aluminium frame work shall be paid seperately) 36$m^2$ചെയ്യുന്നതിനുള്ള പ്രവൃത്തി ചെയ്യാൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എം.ബുക്ക് പേജ് നം 12 പ്രകാരം 36$m^2$ false ceiling ചെയ്തതായി രേഖപ്പെടുത്തി $m^2$ ന് 505.26 രൂപ നിരക്കിൽ 18189.36 നൽകിയിട്ടുണ്ട്.എന്നാൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധന വേളയിൽ ആകെ 3.42 $m^2$ false ceiling മാത്രമേ പുതുതായി ചെയ്തിട്ടുള്ളൂ എന്ന് കണ്ടു. മുമ്പ് നിലവിലുണ്ടായിരുന്ന false ceiling പൊളിഞ്ഞിളകിയ നിലയിൽ കണ്ടു.

3.8m നീളവും 0.3m വീതിയുമുള്ള3 പാനലുകൾ മാത്രം (ആകെ 3.42m) പുതുതായി സ്ഥാപിച്ച ശേഷം ആകെ 36 $m^2$ ന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3.4$m^2$ ന് നൽകാവുന്ന തുക -3.4x505.26=1717.88

നൽകിയ തുക -18189.36

അധികം നൽകിയ തുക -16471.47

ടി തുക നിരാകരിക്കുന്നു.അധികം നൽകിയ തുക കോൺട്രാക്ടറിൽ നിന്നോ ചെക്ക് മെഷർ നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 .മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ആയുർവ്വേദം, ഹോമിയോ എന്നീ മെഡിക്കൽ ഒഫീസർമാർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ മരുന്നു വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ആയുർവേദ മരുന്നുകൾക്കായി ഔഷധി,തൃശ്ശൂർ, ഹോമിയോ മരുന്നുകൾക്കായി കേരള സംസ്ഥാന ഹോമിയോപ്പതി കോർപ്പറേഷനും തുകകൾ നൽകിയിട്ടുണ്ട് .വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണോദ്യോഗസ്ഥൻ | ഫണ്ടിനം | തുക | ഡി.ഡി.നം. തീയതി | ലഭിച്ച മരുന്നുകളുടെ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം) (പ്രോജക്ട് നം55/17) | വികസന ഫണ്ട് | 1,00,000/- | 059017 19.05.2017 | --- | 1,00,000/- |
| 2 | മെഡിക്കൽ ഓഫീസർ | മെയിന്റനൻസ് ഫണ്ട് | 4,50,000/- | 954568 | 3,74,940/- | 75,059/- |

| | | | | | | |
|---|---|---|---|---|---|---|
| | (ആയുർവേദം)<br>(പ്രോജക്ട് നം20/17) | | | 3.12.2016 | | |
| 3 | മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>(പ്രോജക്ട് നം54/17) | മെയിന്റനൻസ് ഫണ്ട് | 1,50,000/- | 954474<br>17.11.2016 | 74,115/- | 75,885/- |

ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിനു മേൽ സ്ഥാപനങ്ങളുമായി രേഖാമൂലം ബന്ധപ്പെട്ടേണ്ടതും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-7 വി.ഇ.ഒ II നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

(i) അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി

പ്രോജക്ട്നം. - 131/16-17 (ഭവന നിർമ്മാണം)

അടങ്കൽ -30,00,000/- (തനത് ഫണ്ട്)

ചെലവ് -27,60,000/-

ഗുണഭോക്താവ് ഓരാൾക്ക് 2,00,000/- രൂപ വീതം ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ സ്പിൽഓവറായി നടപ്പാക്കിയ പ്രോജക്ടിലെ രണ്ട് ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി വീട് നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | ശ്രീമതി രതനകുമാരി, വാണിവിള വീട്, കരിപ്പൂര് | 1,40,000/- | 161786/ 06.01.2016 (20,000/-)<br>952598/ 17. 03.2016 (60,000/-)<br>952978/ 30.03.2016 (60,000/-) |

| | | | |
|---|---|---|---|
| | | | |
| 2 | ശ്രീമതി ജഗദാംബിക.എസ് | 20,000/- | 952033/ 02.02.2016 (20,000/-) |

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.09/17) തുക കൈപ്പറ്റിയശേഷം ക്രമ നം.1-ലെ ഗുണഭോക്താവ് ഏകദേശം 1300 സ്ക്വയർ ഫീറ്റുള്ളതും, ക്രമ നം.2-ലെ ഗുണഭോക്താവ് ഏകദേശം 1900 സ്ക്വയർ ഫീറ്റുള്ളതുമായ ഭവനനിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മേൽവിവരം പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുകയും, പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തത് തുടർന്നുള്ള ആനുകൂല്യം അനുവദിക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തതിനാലാണ് (28.03.2017-ലെ 1(4) -ാംനം. തീരുമാനം) രണ്ട് ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റാത്തതെന്ന് അറിയിച്ചിരിക്കുന്നു. അർഹതയില്ലാത്ത രണ്ട് ഗുണഭോക്താക്കൾക്കും നൽകിയ പദ്ധതി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ii) <u>വാല്യുവേഷൻ പരിഗണിക്കാതെ സബ്സിഡി നൽകി</u>

പ്രോജക്ട്നം. 23/16-17 (കിണർ നിർമ്മാണം)

അടങ്കൽ 3,40,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് 3,06,000/-

11.01.2016-ലെ ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ നം. ഉത്തരവ് പ്രകാരം കിണർ നിർമ്മാണത്തിന് ആകെ ചെലവായ തുകയുടെ 75% സബ്സിഡിയാണ് അനുവദനീയമായിട്ടുള്ളത് (ഇടനാട്-പരമാധി 17,000/- രൂപ). എന്നാൽ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കിണർ നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിലേക്കായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ ഓവർസീയർ നല്കിയ വല്യുവേഷൻസർട്ടിഫിക്കറ്റ് പരിഗണിക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും പരമാവധി സബ്സിഡി തുകയായ 17,000/- രൂപ വീതം നൽകിയിരിക്കുന്നു. ഇത്തരത്തിൽ 8 ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര നം. | പേര് | വാല്യുവേഷൻ തുക | അനുവദനീയമായ സബ്സിഡി തുക | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|---|
| 1 | ചാൾസ്, മലവിള | 20,000/- | 15,000/- | 17,000/- |

| | | | | |
|---|---|---|---|---|
| | പുത്തൻവീട്, മേപ്പൂക്കട | | | |
| 2 | വൽസല. മലവിള പുത്തൻവീട്, മേപ്പൂക്കട | 20,000/- | 15,000/- | 17,000/- |
| 3 | ശ്രീമതി, ചരളുവിള കിഴക്കുംകര പുത്തൻവീട് | 20,000/- | 15,000/- | 17,000/- |
| 4 | അനിൽകുമാർ.കെ, അഭിഭവൻ, കോട്ടമ്പൂര് | 20,000/- | 15,000/- | 17,000/- |
| 5 | ബിജു,എ, മാമ്മൂട്ടുവിള വീട്, അന്തിയൂർക്കോണം | 20,000/- | 15,000/- | 17,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/17 തീയതി.14.07.2017) വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ വന്ന അപാകത കാരണമാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് അറിയിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും പദ്ധതി നടപ്പാക്കുമ്പോൾ മാർഗ്ഗരേഖാ നിർദ്ദേശം കർശനമായി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധചെലുത്തേണ്ടതുമാണ്.

## 3-8 അംഗീകാരം ലഭിച്ചതിനനുസൃതമായി പ്രോജക്ട് നടപ്പാക്കിയിട്ടില്ല

പ്രോജക്റ്റ്നം. -44/16-17 (അംഗൻവാടികൾക്ക് ഫർണിച്ചർ)

അടങ്കൽ -2,00,000/- (മെയിന്റനൻസ് (നോൺറോഡ്))

ചെലവ് -1,71,6500/-

നിർവ്വഹണോദ്യോഗസ്ഥ- ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പഞ്ചായത്ത് പരിധിയിലുള്ള അംഗൻവാടിയിലേക്ക് റാക്ക് (35 എണ്ണം), കസേര (4 എണ്ണം) എന്നിവ വാങ്ങുന്നതിലേക്കാണ് പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി കസേരയ്ക്ക് പകരം മേശ, ഫുഡ്കണ്ടൈനർ എന്നിവയാണ് വാങ്ങിയിരിക്കുന്നത്. കൂടാതെ ആയവ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17 തീയതി.19.07.2017) മറുപടി ലഭ്യമാക്കിയില്ല. അംഗീകാരം ലഭിച്ചതിന് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-

## അപാകതകൾ.

(1) പ്രോജക്ടിൽ വകയിരുത്തിയ തുകയുടെ ഒരു ശതമാനത്തിൽ താഴെ ചെലവ് ചെയ്തിരിക്കുന്നു.

പ്രോജക്റ്റ് നം 148/17 ,ഒരു വീട്ടിൽ ഒരു തെങ്ങ്.

ഫണ്ട് വികസന ഫണ്ട്,മറ്റുള്ളവ

അടങ്കൽ 195000/-

ചെലവ് 750/-

മേൽ പദ്ധതി പ്രകാരം സമഗ്രനാളികേര വികസനം ലക്ഷ്യമിട്ടു കൊണ്ട് നടപ്പാക്കിയ പദ്ധതിയിൽ, 1000 ഗുണഭോക്താക്കൾക്ക് ഓരോ തെങ്ങിൻതൈ വീതം നൽകാമെന്നു തീരുമാനിച്ചു. 140 ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ 10 പേർക്ക് മാത്രമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത്.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടി ഹാജരാക്കിയിട്ടില്ല.

വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്തു ശേഷം പദ്ധതികളിൽ പരമാവധി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നടപ്പിലാക്കാതിരുന്നത് നിർവഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ച്ചയാണ്. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) മാതൃകാപച്ചക്കറിത്തോട്ടം-കുറഞ്ഞ തുകയ്ക്ക് സബ്സിഡി നൽകിയിരിക്കുന്നു.

പ്രോജക്റ്റ് നം. - 155/17

ഫണ്ടിനം - വികസന ഫണ്ട്

അടങ്കൽ - 113250/-

ചെലവ് - 113250/-

ബിൽ നം - 10/16-17 91750/-(വികസന ഫണ്ട്)

തീയതി 30.03.2017

സമഗ്ര ജൈവപച്ചക്കറിത്തോട്ടം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതിയിൽ ജൈവപച്ചക്കറി ത്തോട്ടത്തിനായി വിത്ത്, തൈ, ജൈവവളം, ജൈവകീടനാശിനി എന്നിവയ്ക്ക് അർഹമായ സബ്സിഡി നൽകുന്നു. ജൈവവളത്തിനു ഒരു യൂണിറ്റിനു 7500/- രൂപയ്ക്ക് 5625/- രൂപ സബ്സിഡി നൽകാമെന്നിരിക്കെ 7000/- രൂപയ്ക്ക് 5625/- രൂപ സബ്സിഡി നൽകിയിരിക്കുന്നതായി ഫയൽ പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. അതു പോലെ കൂലി ചെലവിനത്തിൽ ഒരു യൂണിറ്റിനു 1200/- രൂപയെന്ന നിരക്കിലാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ 1250/-രൂപയാണ് ജനതാ സമഗ്ര ആക്ടിവിറ്റി ഗ്രൂപ്പിനു കൂലിയിനത്തിൽ നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് അധികൃതരുടെ ശ്രദ്ധക്ഷണിക്കുന്നു.പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) നെൽകൃഷി വികസനം -വിത്തിന അധികനിരക്കിൽ സബ്സിഡി നൽകിയിരിക്കുന്നു.

പ്രോജക്റ്റ് നം S0041/17

ഫണ്ടിനം വികസന ഫണ്ട്

അടങ്കൽ 45900/-രൂപ

ചെലവ് 35150/രൂപ

ബിൽ നം 5/2016-17

തീയതി 28.02.2017

സമഗ്ര നെൽവികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കിയ പദ്ധതിയിൽ നെൽവിത്തിന അധികനിരക്കിൽ സബ്സിഡി നൽകിയിരിക്കുന്നു. പദ്ധതി മാർഗ്ഗരേഖ പ്രകാരം വിത്തിന 80% സബ്സിഡിയാണ് നൽകേണ്ടത്. എന്നാൽ വിത്തിന്റെ വിലയ്ക്ക് ആനുപാതികമായിട്ടല്ല സബ്സിഡി നൽകിയിരിക്കുന്നത്. വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിത്തിന്റെ വില | നൽകിയിരിക്കുന്ന സബ്സിഡി | നൽകാവുന്ന സബ്സിഡി |
|---|---|---|---|
| 1 | 240 | 230 | 192 |
| 2 | 520 | 512 | 416 |
| 3 | 200 | 192 | 160 |
| 4 | 400 | 384 | 320 |
| 5 | 640 | 602 | 512 |
| | 2000 | 1902 | 1600 |

ഓഡിറ്റ് എൻക്വയറി നം 12 നുള്ള മറുപടി ഹാജരാക്കിയിട്ടില്ല.ഭാവിയിൽ ഇത്തരം പിഴവുകൾ വരുത്താതിരിക്കുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 സർക്കാർ ഉത്തരവിന് വിധേയമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.-55/17,പാലിയേറ്റീവ് കെയർ

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ

ഫണ്ടിനം-വികസന ഫണ്ട്

അടങ്കൽ-10,00,000/-

ചെലവ് തുക-9,65,169/-

ബിൽ നം-4/2016-17 തുക-100869/-

തീയതി-30.03.2017

ചില സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ 2.12.16 ലെ 3299/2016/തസ്വഭവ ഉത്തരവ് പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി സിഡ്കോയിൽ നിന്നും 3 പ്ളാസ്റ്റിക്ക് കസേരകൾ (നീൽകമൽ) വാങ്ങിയിരിക്കുന്നത് മേൽ ഉത്തരവിന് വിരുദ്ധമായിട്ടാണ്.മേൽ നടപടിക്ക് വിശദീകരണം നൽകെണ്ടതാണ്.

ഫർണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം 7 നുള്ള മറുപടിയിൽ സ്റ്റോക്ക് വിവരം രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്.ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ട് ഉപയോഗിക്കുന്നതാണ് ഉചിതം. സർക്കാർ ഉത്തരവിന് വിധേയമായി പദ്ധതികൾ നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

### അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ തൊഴിൽ കാർഡ് നേടിയ 5261കുടുംബങ്ങളിൽ 48കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഏറ്റെടുത്ത296 പ്രവർത്തികളിൽ 168 പൂർത്തിയാക്കി.43265000/-രൂപ ചെലവഴിച്ചു.132 ആസ്തികൾ സൃഷ്ടിച്ചു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | കിണർ | 125 | 1375000/- |

| | | | |
|---|---|---|---|
| 2 | കക്കൂസ് | 2 | 24000/- |
| 3 | ഇടറോഡ് നിർമ്മാണം | 3 | 10,53,000/- |
| 4 | ഓട നിർമ്മാണം | 1 | 3,34,953/- |
| 5 | തോട് സൈഡ് വാൾ | 1 | 15,00,000/- |

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| സാമൂഹ്യ നീതി വകുപ്പ് | 1031275 | അനുപൂരക പോഷകാഹാരം/ പ്രോജക്ട് നം. 9 | 559158 | 472117 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി, ബാലരാമപുരം | ലൈൻ എക്സ്റ്റൻഷൻ | RTGS | 3475 | 3475 | 0 |
| 2 | കെ.എസ്.ഇ.ബി, കോട്ടുകാൽ | ലൈൻ എക്സ്റ്റൻഷൻ | RTGS | 126979 | 126979 | 0 |
| 3 | കെ.എസ്.ഇ.ബി, വിഴിഞ്ഞം | ലൈൻ എക്സ്റ്റൻഷൻ | RTGS | 443275 | 443275 | 0 |
| 4 | കെ.ഡബ്ല്യൂ.എ, നെയ്യാറ്റിൻകര | അംഗൻവാടി പൈപ്പ് ലൈൻ | RTGS | 92282 | 92282 | 0 |
| 5 | കെ.ഡബ്ല്യൂ.എ, | അംഗൻവാടി പൈപ്പ് ലൈൻ | RTGS | 60000 | 60000 | 0 |
| 6 | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | ബഡ്സ് സ്കൂൾ വയറിംഗ് | RTGS | 235000 | 235000 | 0 |
| 7 | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | ആയുർവേദ ആശുപത്രി വയറിംഗ് | RTGS | 200000 | 200000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | സ.ഉ(സാ) നം. | 1,71,18,000/- | 61,73,319/- | 21,11,543/- | - | 40,61,776/- |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | 275/2010/ എൽ.എസ്.ജി.ഡി തീയതി.27.01.2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,97,65,377/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,64,12,296/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10061/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 80556.93/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

***(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം***

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 10061 | - | ശ്രീ.എസ്.പ്രേം, സെക്രട്ടറി |
| 3-4 | | 64085.93 | ശ്രീമതി.ദിശാമണിയൻ,<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-5 | | 16471 | ശ്രീമതി. ദിശാമണിയൻ,<br>അസിസ്റ്റന്റ് എൻജിനീയർ |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.അജിത്, സെക്രട്ടറി | സെക്രട്ടറി, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് | ജയ സദനം, ആങ്കോട്, പെരുങ്കടവിള |

| | | |
|---|---|---|
| ശ്രീമതി. ദിശാമണിയൻ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് | മണിമംഗലം, റ്റി.സി.50/54(15), MNRA-44(1), മഹാത്മാറോഡ്, കാലടി, കരമന |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1985-86 | എൽ.എഫ്.റ്റി.ഡി.9-422/93(15), തീയതി. 24.04.1993 | - |
| 1994-95 | എൽ.എഫ്.റ്റി.ഡി.ജി.പി.9/204/96, തീയതി. 05.02.1998 | - |
| 1998-99 | എൽ.എഫ്.റ്റി.ഡി.ജി.പി.9-6(എ)/860 /2001,തീയതി.19.11.2001 | - |
| 1999-00 | എൽ.എഫ്.റ്റി.ഡി.ജി.9-6(എ)/978/2002, തീയതി. 01.02.2003 | - |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.9-6(എ)/978/2002, തീയതി. 01.02.2003 | - |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/17/04, തീയതി. 29.04.2004 | - |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2025/05, തീയതി.18.12.2006 | - |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1597/07, തീയതി. 10.04.2007 | - |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2012/07, തീയതി.11.04.2008 | - |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/571/09, തീയതി. 22.08.2009 | - |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/572/09, തീയതി. 24.04.2009 | - |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/572/09, തീയതി. 24.04.2009 | - |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1193/2011, തീയതി. 25.01.2012 | - |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1193/2011, തീയതി. 25.01.2012 | - |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/874/2012, തീയതി. 15.10.2012 | - |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1916/13, തീയതി. 15.11.2013 | - |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/ 277/13, തീയതി. 19.04.2014 | - |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/ 386/15, തീയതി.01.06.2015 | - |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/794/2016 തീയതി.30.05.16/04.06.16 | - |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4 /2003/16തീയതി.21.11.16 | - |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

2. I-8 ഷെഡ്യൂളിൽ Recovery of unutilized Grants ഇനത്തിലെ തുക തിരിച്ചടച്ചതായി കാണുന്നില്ല
3. വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), കെ.എൽ.ജി.എസ്.ഡി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നീ അക്കൗണ്ടുകൾ റെക്കൺസിലേഷൻ ചെയ്തിട്ടില്ല.
4. തൻവർഷം നിരവധി റോഡ് കോൺക്രീറ്റ്, ടാറിംഗ് പ്രവർത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.
5. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ (147967281/-) കൂടുതൽ ചെലവ് (152469876) വന്നിരിക്കുന്നു.
6. 2015-16-ലെ ട്രയൽ ബാലൻസിലെ "Excess of Income over Expenditure" നീക്കിയിരിപ്പ് (10270023.25) തുകയും 2016-17-ലെ ട്രയൽ ബാലൻസിലെ "Excess of Income over Expenditure" മുന്നിരിപ്പും (14647432.25) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
7. സ്റ്റോക്ക് & സ്റ്റോഴ്സ് മൂല്യാധിഷ്ഠിതമായി കണക്കാക്കി വിവരം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്